പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T3256 20.06.2014-ൽ മറുപടിക്ക്

## അനാഥാലയങ്ങൾക്ക് അനുവദിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ

ചോദ്യം — ഉത്തരം

ശ്രീ. കെ.രാധാകൃഷ്ണൻ

**ഡോ. എം.കെ. മുനീർ**
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി )

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് വഴി സന്നദ്ധസംഘടനകൾ നടത്തുന്ന അനാഥാലയങ്ങൾക്ക് കഴിഞ്ഞ മൂന്ന് വർഷമായി അനുവദിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് വഴി സന്നദ്ധസംഘടനകൾ നടത്തുന്ന അനാഥാലയങ്ങൾക്ക് കഴിഞ്ഞ മൂന്ന് വർഷമായി അനുവദിച്ച ധനസഹായത്തിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സർക്കാർ നൽകുന്ന ധനസഹായം അനുവദിക്കപ്പെട്ട പദ്ധതികൾക്കുവേണ്ടി പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) യും (സി) യും | സർക്കാർ നൽകുന്ന ധനസഹായ പദ്ധതി പൂർണ്ണമായും ചിലവഴിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനാണ് ഗ്രാന്റ് ഇൻ എയ്ഡ് സ്കീമിൽ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നത് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള, ഗ്രാന്റ് ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കുന്നു. ഇതിൽ സാമൂഹ്യനീതി ഡയറക്ടർ ശുപാർശ ചെയ്യുന്ന അപേക്ഷകൾ സർക്കാർ പരിശോധിച്ച് ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂഷനായി ഉത്തരവാകുന്നു. ഇപ്രകാരം അംഗീകാരം ലഭിക്കുന്ന സ്ഥാപനങ്ങൾ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് റിപ്പോർട്ട് സഹിതം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസിൽ സെപ്റ്റംബർ 30 ന് മുമ്പ് അപേക്ഷ നൽകുന്നു. അത് ജില്ലാ ഓഫീസർ പരിശോധിച്ച് പ്രൊവിഷണൽ ഗ്രാന്റ് അനുവദിക്കുന്നു. തുടർന്ന് ലോക്കൽ |

| | | | |
|---|---|---|---|
| | | | ഫണ്ട് ഓഡിറ്റ് നടത്തി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് ഇൻ എയ്ഡ് നൽകിയത് റഗുലറൈസ് ചെയ്യുന്നു. ഇപ്രകാരം നൽകുന്ന തുക തൻവർഷത്തെ ഓഡിറ്റ് പൂർത്തീകരിച്ച് ലോക്കൽ ഫണ്ട് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുന ക്രമീകരണം നടത്തി ജില്ലാ പഞ്ചാത്തിന്റെ അനുമതിയോടു കൂടിയാണ് ഗ്രാന്റ് വിതരണം നടത്തുന്നത്. അതിനാൽ ധനവിനിയോഗം സംബന്ധിച്ച് ശരിയായ വിവരം ലഭിക്കുന്നതാണ്. |
| (സി) | സന്നദ്ധസംഘടനകൾക്ക് ധനസഹായം അനുവദിച്ചിട്ടുള്ളതിന്റെ വിനിയോഗത്തെ സംബന്ധിച്ച് അന്വേഷണം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ; | | |

സെക്ഷൻ ഓഫീസർ

| **Head of Account** | **2011-12** | **2012-13** | **2013-14** |
|---|---|---|---|
| Orphanages grant in-Aid | 5,86,74,000 | 6,45,42,000 | 12,57,85,000 |
| Old age Home | 1,17,28,000 | 1,18,96,000 | 2,05,80,000 |
| Beggar Home | 2,66,200 | 3,40,000 | 10,00,000 |
| P H Home | 2,93,000 | 3,22,000 | 2,70,000 |

സെക്ഷൻ ഓഫീസർ